**ആയുർവേദ സിദ്ധ-യുനാനി ചികിത്സാ സമ്പ്രദായത്തിന് സ്ഥാപനങ്ങൾ**

137 [2573] *ശ്രീ. സി. കെ. നാണു:*
*,, കെ. പി. മോഹനൻ:*
*ഡോ. എ. നീലലോഹിതദാസൻ നാടാർ:*
*ശ്രീ. കെ. സി. ജോസഫ്:*
*,, എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ സിദ്ധ-യുനാനി എന്നീ പാരമ്പര്യ ചികിത്സാ സമ്പ്രദായത്തിന് ഉയർന്ന നിലവാരത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം മേശപ്പുറത്ത് വയ്ക്കാമോ;

(ബി) തിരുവനന്തപുരം ആയുർവേദ കോളേജിനെ ഒരു മാതൃകാ സ്ഥാപനം ആക്കി മാറ്റാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിനെ ഒരു മാതൃകാ സ്ഥാപനം ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് 175 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കെട്ടിട നിർമ്മാണത്തിനായി തിരുവനന്തപുരം ആയുർവേദ കോളേജിന് സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ബാക്കി തുക നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പെരുമ്പാവൂർ ഒക്കൽ ഗ്രാമ പഞ്ചായത്തിൽ ആയുർവേദ ആശുപത്രി**

138 [2574] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ-ഒക്കൽ ഗ്രാമ പഞ്ചായത്തിൽ ആയുർവേദ ആശുപത്രി അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) കാലതാമസം ഒഴിവാക്കി ഇത് ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്ഥലം, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറാണോ എന്ന് പഞ്ചായത്തിനോട് ആരാഞ്ഞിരിക്കുകയാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള പഞ്ചായത്തുകളെ മുൻഗണനാക്രമത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി, സർക്കാരിന്റെ സാമ്പത്തിക നിലയും, ബജറ്റിൽ അനുവദിക്കുന്ന തുകയും കണക്കിലെടുത്താണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

**ആയുർവേദത്തെ ഇന്ത്യയുടെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കണമെന്ന ആവശ്യം**

139 [2575] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *വി. ജെ. പൗലോസ്:*
,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം എന്ന പേരിൽ മരുന്നുകൾക്ക് പേറ്റന്റ് അവകാശം നേടുന്നതിനായി ജർമ്മനി മുന്നോട്ട് വന്നിട്ടുണ്ടോ;

(ബി) ആയുർവേദത്തെ ഇന്ത്യയുടെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) ആയുർവേദത്തെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കുന്ന പക്ഷം ആയുർവേദത്തിന്റെമേൽ വിദേശ രാജ്യങ്ങൾ പേറ്റന്റ് നേടുന്നതിനുവേണ്ടി നടത്തുന്ന അവകാശവാദം ഒരു പരിധിവരെ തടയുവാൻ കഴിയുമോ;

(ഡി) എങ്കിൽ ആയുർവേദത്തെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കാൻ കേന്ദ്രത്തിൽ സ്വാധീനം ചെലുത്തുമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപെട്ടിട്ടില്ല. ആയുർവേദം എന്ന പദം പബ്ലിക് ഡൊമൈനിലും ഭൂമിശാസ്ത്രപരമായ സൂചകങ്ങൾക്കകത്തും വരുമെന്നതിൽ ആ പദമുപയോഗിച്ചുകൊണ്ട് മരുന്നുകൾക്ക് പേറ്റന്റ് അവകാശം നേടാൻ കഴിയുകയില്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly